കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ബീച്ച് റോഡ്, കോഴിക്കോട് –673032

B9/76456/22 തിയ്യതി 17/02/2023

# ക്വട്ടേഷൻ നോട്ടീസ്

വിഷയം : കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് വിഭാഗം 2023–24 വർഷത്തേക്കുള്ള ബജറ്റ് പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യുന്നത് –സബന്ധിച്ച്

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2023–24 വർഷത്തേക്കുള്ള ബജറ്റ് പ്രിന്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി സപ്ലൈ ചെയ്യുന്നതിന് അംഗീകൃത പ്രിന്റിംഗ് സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിലാണ് സമർപ്പിക്കേണ്ടത്. കവറിന് പുറത്ത് ക്വട്ടേഷൻ നമ്പർ , സ്ഥാപനത്തിന്റെ പേര്, വിലാസം എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനജശറ്റ 28/02/2023 തിയ്യതി

3 മണിക്ക് മുമ്പായി കോർപ്പറേഷൻ ഓഫീസ് അക്കൗണ്ട്സ് വിഭാഗത്തിൽ ലഭിച്ചിരിക്കേണ്ടതാണ് .

ലഭിക്കുന്ന ക്വട്ടേഷനുകൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 4 മണിക്ക് തുറന്ന് പരിശോധിക്കുന്നതാണ്.

നിബന്ധനകൾ:

1. ക്വാട്ട് ചെയ്യുന്ന നിരക്ക് താഴെ കാണിക്കുന്ന പ്രകാരമായിരിക്കണം. നിരക്കുകൾ എല്ലാ നികുതികളും , ചാർജ്ജുകളും ഉൾപ്പെട്ടതായിരിക്കണം.

| SL NO | SPECIFICATION | RATE PER PAGE |
|---|---|---|
| 1 | BUDGET BOOK DEMY 1/4 SIZE APPROXIMATE 200 PAGES | |
| | COVER PAGE :300GSM ART CARD MULTI COLOUR MATT LAMINATION | |
| 2 | INNER:BLACK AND WHITE 16KG WHITE PRINT | |
| 3 | INNER: COLOUR PAGE 100 GSM ART PAPER | |
| | BUDGET SPEECH DEMY 1/4 SIZE APPROXIMATE 50 PAGES | |
| 1 | COVER PAGE : 300 GSM ART CARD MULTI COLOUR MATT LAMINATION | |

| 2 | INNER : BLACK AND WHITE 16 KG WHITE PRINT | |
|---|---|---|

2. ബജറ്റ് പുസ്തകം ബജറ്റിന്റെ അനുബന്ധമായിട്ടുള്ള ആമുഖ പ്രസംഗം എന്നിവ അടക്കം 250 പേജ് വരുന്നതാണ്. ബജറ്റ് ഏകദേശം 300 പുസ്തകങ്ങളും , ആമുഖ പ്രസംഗം ഉദേശം 150 പുസ്തകങ്ങളും വേണ്ടിവരുന്നതാണ്.
3. ക്വട്ടേഷൻ അഗീകരിച്ചു അറിയിപ്പ് ലഭിച്ചു 7 ദിവസത്തിനകം മതിയായ മൂല്യത്തിലുള്ള മുദ്രക്കടലാസിൽ നിശ്ചിതമാതൃകയിൽ ഉടമ്പടി പത്രം ഹാജരാക്കേണ്ടതാണ്.
4. സാധാരണഗതിയിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്. എന്നാൽ ഏതൊരു ക്വട്ടേഷനും അംഗീകരിക്കുന്നതിനും യാതൊരു കാരണവും രേഖപ്പെടുത്താതെ നിരസിക്കാനുള്ള അധികാരം കോർപ്പറേഷൻ കൗൺസിലിൽ നിശ്ചിപ്തമായിരിക്കുന്നതാണ്.
5. സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നഗരസഭ നൽകിയ നിബന്ധനകൾ പ്രകാരമായിരിക്കേണ്ടതാണ്.നിബന്ധനകൾ പാലിക്കാതെ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.
6. ബജറ്റും ആമുഖപ്രസംഗവും നഗരസഭാ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നത് വരെ അതീവ രഹസ്യ സ്വഭാവമുള്ള രേഖകൾ ആയതിനാൽ ഈ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിച്ചായിരിക്കണം പ്രവൃത്തി നിർവ്വഹിക്കേണ്ടത്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.
7. ബജറ്റും ആമുഖപ്രസംഗവും തയ്യാറാക്കുന്നവേളയിൽ പല തവണ മാറ്റങ്ങൾ ഉണ്ടായേക്കാം , അപ്രകാരം നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ബജറ്റ് അവതരിപ്പിക്കുന്ന തിയ്യതിക്ക് മൂന്ന് ദിവസം മുമ്പ് തന്നെ ആവശ്യപ്പെടുന്ന എണ്ണം പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യേണ്ടതാണ്.
8. തൃപ്തികരമായി പ്രിന്റ് ചെയ്ത് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ബിൽതുക അനുവദിക്കുന്നതാണ്. നിയമാനുസൃത നികുതികൾ നിലവിലുള്ള് നിരക്കിൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

9 20.08. 2016 ലെ GO (RT) NO 2487/2015 LSGD ഉത്തരവു പ്രകാരം പുറത്തിറക്കിയ MANUAL OF PROCUREMENT OF GOODS AND SERVICE IN LOCAL SELF GOVERNMENT ലെ

എല്ലാ നിബന്ധനകളും ഈ ക്വട്ടേഷന് ബാധകമാകുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി

കോഴിക്കോട് കോർപ്പറേഷൻ

പകർപ്പ്

ഓഫീസ് നോട്ടിസ് ബോർഡ്

എല്ലാ സോണൽ ഓഫീസുകളിലെയും നോട്ടിസ് ബോർഡ്

വെബ്ബ് സൈറ്റ